**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1109** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനം, ട്രോളിംഗ് നിരോധനം എന്നീ കാരണങ്ങളാൽ മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാതെ പ്രതിസന്ധി അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൂടാതെ മറ്റേതെങ്കിലും തരത്തിലുള്ള സഹായങ്ങൾ അനുവദിച്ച് നൽകുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | പ്രകൃതി ക്ഷോഭത്തിന്റെയോ കടൽ ക്ഷോഭത്തിന്റെയോ ഫലമായി തുടർച്ചയായി മത്സ്യബന്ധന വിലക്ക് ഏർപ്പെടുത്തുന്ന ദിവസങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും സൗജന്യ റേഷൻ കൂടാതെ ഒരു ദിവസം 200 രൂപ വീതം കണക്കാക്കി ധനസഹായം നല്കുന്നുണ്ട്. ട്രോളിംഗ് നിരോധന കാലത്തു തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷന് പുറമെ സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാ യിട്ടുള്ളവർക്ക് 4500/- രൂപ ധനസഹായം ഗഡുക്കളായി നൽകുന്നുണ്ട്. |
| (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സിവിൽ സപ്ലൈസ് മുഖേന നൽകി വരുന്ന മണ്ണെണ്ണ വിതരണം നിലച്ച സാഹചര്യത്തിൽ കൂടുതൽ തുക നൽകി മത്സ്യഫെഡിൽ നിന്നും മണ്ണെണ്ണ വാങ്ങേണ്ടി വരുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മത്സ്യഫെഡ് മുഖേന സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സിവിൽ സപ്ലൈസ് വകുപ്പ് വഴി ഇപ്പോഴും സബ്സിഡി രഹിത മണ്ണെണ്ണ അനുവദിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ മെയ് മാസം വരെ 2160 KL മണ്ണെണ്ണ മത്സ്യബന്ധന മേഖലക്ക് സിവിൽ സപ്ലൈസ് മുഖേനെ അനുവദിച്ചിരുന്നു. അർഹരായ മത്സ്യത്തൊഴിലാളി കൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ(ഡി.ബി.റ്റി) നൽകി വരുന്നുണ്ട്.<br><br>10 HP വരെ - 140 ലിറ്റർ<br><br>10 HP മുതൽ 15 HP വരെ - 150ലിറ്റർ<br><br>15 HP ക്ക് മുകളിൽ - 190 ലിറ്റർ |

| | | | |
|---|---|---|---|
| (സി) | 25 രൂപയ്ക്ക് മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകുമെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ആയത് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പ്രഖ്യാപനത്തിൽ നിന്നും പിന്നോട്ട് പോകാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച് നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി ഉത്തരവാകുകയും ചെയ്ത് കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന സബ്സിഡി വർദ്ധിപ്പിച്ച് നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ